"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ചീഫ് രജിസ്ട്രാർ ശ്രീമതി ത്രേസ്യാമ്മ ആന്റണി, ജൂനിയർ സൂപ്രണ്ട് ശ്രീമതി പ്രിത എസ് നായർ എന്നിവർക്ക് 2025 ഓഗസ്റ്റ് 20-ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ വച്ച് നടത്തപ്പെടുന്ന ജനന-മരണ ചീഫ് രജിസ്ട്രാർമാരുടെ ഏകദിന ദേശീയ സമ്മേളനത്തിൽ RGSA ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് പങ്കെടുക്കുന്നതിന് വിമാനയാത്രാനുമതി മുൻകാല പ്രാബല്യത്തോടെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.എം.)വകുപ്പ്**

സ.ഉ.(സാധാ) നം.2074/2025/LSGD തീയതി,തിരുവനന്തപുരം, 21-08-2025

---

പരാമർശം:-

1. Chief Registrar Birh and Death 01.08.2025 തീയതിയിൽ പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കിയ ഇമെയിൽ സന്ദേശം
2. ഡയറക്ടർ (റൂറൽ), ത.സ്വ.ഭ.വ 01.08.2025 തീയതിയിൽ ലഭ്യമാക്കിയ LSGD/PD/24022/2025-CR1 നമ്പർ കത്ത്

**ഉത്തരവ്**

2025 ഓഗസ്റ്റ് 20-ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ വച്ച് എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ജനന-മരണ ചീഫ് രജിസ്ട്രാർമാരുടെ ഒരു ഏകദിന ദേശീയ സമ്മേളനം ഇന്ത്യൻ രജിസ്ട്രാർ ജനറലിന്റെ ഓഫീസ് സംഘടിപ്പിക്കുന്നുണ്ടെന്നും ഇതിൽ ഓരോ Chief Registrar of Births and Deaths ഓഫീസിൽ നിന്ന് രണ്ട് ഉദ്യോഗസ്ഥരും Directorate of Census Operations ൽ നിന്നുള്ള രണ്ട് ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ആയതിൽ പങ്കെടുക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ചീഫ് രജിസ്ട്രാർ ശ്രീമതി ത്രേസ്യാമ്മ ആന്റണി, ജൂനിയർ സൂപ്രണ്ട് ശ്രീമതി പ്രിത എസ് നായർ എന്നിവർക്ക് വിമാനയാത്രാനുമതി നല്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യൻ രജിസ്ട്രാർ ജനറലിന്റെ ഓഫീസ് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ വച്ച് 2025 ഓഗസ്റ്റ് 20-ന് സംഘടിപ്പിച്ച , എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ജനന-മരണ ചീഫ് രജിസ്ട്രാർമാരുടെ ഏകദിന ദേശീയ സമ്മേളനായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ചീഫ് രജിസ്ട്രാർ ശ്രീമതി ത്രേസ്യാമ്മ ആന്റണി, ജൂനിയർ സൂപ്രണ്ട് ശ്രീമതി പ്രിത എസ് നായർ എന്നിവർക്ക് RGSA ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചുള്ള വിമാനയാത്രാനുമതി മുൻകാല പ്രാബല്യത്തോടെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MUHAMMED NAJEEB T A

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം )
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷലൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ [LSGD EM1/159/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 25-08-2025 12:20:19
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ.യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ.യ്ക്ക്